# ‘ഇന്ത്യയിൽ ഇസ്‌ലാമിക് ബാങ്കുകൾ യാഥാർഥ്യമാവും’- ഡോ. റഹ്മത്തുല്ല

## അഭിമുഖം

**ഡോ. റഹ്മത്തുല്ല 1969 മുതൽ ഇസ്‌ലാമിക പ്രവർത്തനരംഗത്തും ഇസ്‌ലാമിക സാമ്പത്തികശാസ്ത്ര വിഷയങ്ങളിലും സജീവ സാന്നിധ്യമാണ്. അലിഗഢ് യൂനിവേഴ്സിറ്റിയിൽനിന്ന് ഗവേഷണപഠനത്തിനു ശേഷം അധ്യാപനരംഗത്തെത്തിയ അദ്ദേഹം ഇപ്പോൾ മുംബൈയിലെ അക്ബർപീർ കോളേജിൽ അസോസിയേറ്റ് പ്രഫസറായി സേവനമനുഷ്ഠിക്കുന്നു. ജമാഅത്തെ ഇസ്‌ലാമി മഹാരാഷ്ട്രാ ശൂറാംഗവും കേന്ദ്ര പ്രതിനിധിസഭാംഗവുമായിരുന്നു. ഇപ്പോൾ മഹാരാഷ്ട്രയിൽ ജമാഅത്ത് രൂപം നൽകിയ മൂവ്മെന്റ് ഫോർ പീസ് ആന്റ് ജസ്റ്റിസി(MPJ)ന്റെ പ്രസിഡന്റാണ്. ഇസ്‌ലാമിക സാമ്പത്തിക ശാസ്ത്ര-ബാങ്കിംഗ് സംബന്ധമായി നിരവധി പഠനങ്ങൾ നടത്തുകയും ധാരാളം അന്താരാഷ്ട്ര സെമിനാറുകളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ശാന്തപുരം അൽജാമിഅ അൽ ഇസ്‌ലാമിയ്യയിൽ സാമ്പത്തികശാസ്ത്ര വിദ്യാർഥികൾക്ക് ക്ലാസ്സെടുക്കാൻ വന്ന അദ്ദേഹവുമായി നടത്തിയ അഭിമുഖത്തിൽനിന്ന്:**

*ഇസ്‌ലാമിക് ബാങ്കിംഗ് രംഗത്തെ താങ്കളുടെ പ്രവർത്തനങ്ങൾ?*

മുസ്‌ലിംസമൂഹത്തെ, പ്രത്യേകിച്ച് അവരിലെ പിന്നാക്കക്കാരെ സാമ്പത്തികമായി ഉയർത്തിക്കൊണ്ടുവരുന്നതിനാണ് മുൻഗണന നൽകുന്നത്. ഈ ഉദ്ദേശ്യാർഥം മുംബൈ ആസ്ഥാനമായി ‘ആൾ ഇന്ത്യാ കൗൺസിൽ ഫോർ മുസ്‌ലിം എക്ണോമിക് അപ്‌ലിഫ്റ്റ്മെന്റ്’ (AICMEU) എന്ന സംഘടന രജിസ്റ്റർ ചെയ്തു. ഇതിനു കീഴിൽ വിവിധ സ്ഥാപനങ്ങൾക്ക് തുടക്കം കുറിച്ചു. പലിശരഹിത വായ്പകൾ നൽകുകയും നിക്ഷേപത്തിന് അവസരം ലഭ്യമാക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യാർഥം AICMEU, ബൈത്തുൽമാൽ കോ-ഓപറേറ്റീവ് സൊസൈറ്റിക്ക് രൂപം നൽകി. ഒരു ഇസ്‌ലാമിക് ബാങ്കിന്റെ പ്രവർത്തനങ്ങൾ പരിമിത രൂപത്തിൽ ഈ സ്ഥാപനം നിർവഹിക്കുന്നു. വ്യാപാര-വ്യവസായ രംഗത്ത് ധാർമികബോധമുള്ളവരുടെ സാന്നിധ്യം പ്രോത്സാഹിപ്പിക്കുന്നതിന് ‘ഇസ്‌ലാമിക് ചേംബർ ഓഫ് കൊമേഴ്സ് ആന്റ് ഇന്റസ്ട്രി’ക്ക് രൂപം നൽകി. സകാത്തിന്റെ സംഘടിത വിതരണത്തിന് ‘തഹ്‌രീകെ സകാത്ത് ഇന്ത്യ’യും AICMEU-വിന്റെ കീഴിൽ പ്രവർത്തിക്കുന്നു.

*ഈയിടെ ഇസ്‌ലാമിക് ബാങ്കിംഗിന്റെ പ്രായോഗികതയെക്കുറിച്ച് പഠിക്കാൻ റിസർവ് ബാങ്ക് കമീഷനെ നിയമിക്കുകയുണ്ടായല്ലോ. പ്രതീക്ഷാജനകമാണോ?*

ആനന്ദ് സിംഗ് കമീഷൻ യഥാർഥത്തിൽ നിയോഗിക്കപ്പെട്ടത് ഗൾഫ് രാജ്യങ്ങളിൽ ഇസ്‌ലാമിക് ബാങ്കിംഗ് വിൻഡോസ് തുറക്കുന്നതിനെ കുറിച്ച് പഠിക്കാനായിരുന്നു. കമീഷൻ റിപ്പോർട്ട് സമർപ്പിച്ചു എന്നാണറിവ്. എന്നാൽ പ്രസിദ്ധീകരിച്ചിട്ടില്ല. ആശാവഹമല്ല ഇപ്പോഴും കാര്യങ്ങൾ എന്നാണ് അറിയുന്നത്.

*ഇന്ത്യയിൽ ഇസ്‌ലാമിക് ബാങ്കുകൾ തുടങ്ങുന്നതിന് നിലവിലുള്ള തടസ്സങ്ങൾ?*

ഇന്ത്യയിൽ നിലവിലുള്ള ബാങ്കിംഗ് ആക്ട് പലിശരഹിത ബാങ്കുകൾ തുടങ്ങുന്നതിന് പ്രതിബന്ധമല്ല. ബാങ്കിനെ സംബന്ധിച്ച നിർവചനത്തിൽ പലിശ വാങ്ങണമെന്നോ വേണ്ടെന്നോ പ്രതിപാദിക്കുന്നില്ല. എന്നാൽ അനുബന്ധമായ ചില നിയമങ്ങളിൽ ഭേദഗതികൾ വേണ്ടതുണ്ട്. ഉദാഹരണമായി ഇൻകം ടാക്സ് ആക്ട്, സെയിൽസ് ടാക്സ് ആക്ട് തുടങ്ങിയവ പലിശയധിഷ്ഠിത ബാങ്കുകൾക്കനുകൂലമാണ്. ഇവയിൽ ചില ഭേദഗതികൾ വരുത്തിയാലേ ഇസ്‌ലാമിക ബാങ്കിന് പ്രവർത്തിക്കാനുള്ള സാഹചര്യം സംജാതമാവൂ.

*സർക്കാറിന്റെയും ജനങ്ങളുടെയും ശ്രദ്ധ ഈ ദിശയിലേക്ക് തിരിക്കാൻ ജമാഅത്തെ ഇസ്‌ലാമി ചില ശ്രമങ്ങൾ നടത്തുകയുണ്ടായല്ലോ. ദൽഹിയിൽ നടന്ന അന്താരാഷ്ട്ര സെമിനാർ ഉദാഹരണം. തുടർപ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ?*

2006 നവംബറിൽ മുംബൈയിലും ശിൽപശാല സംഘടിപ്പിച്ചിരുന്നു. ബാങ്കിംഗ്-ബിസിനസ് മേഖലകളിലെ പ്രമുഖരും സാമ്പത്തിക വിദഗ്ധരുമായിരുന്നു വർക്ക്ഷോപ്പിൽ പങ്കെടുത്തവരിലധികവും. ഇസ്‌ലാമിക് ബാങ്കിംഗിന് അനുമതി ലഭിക്കുന്നതിനുള്ള തടസ്സങ്ങളും ഏതെല്ലാം നിയമങ്ങളാണ് ഭേദഗതി ചെയ്യപ്പെടേണ്ടതെന്നും ചർച്ചചെയ്തു. നിയമഭേദഗതി പാർലമെന്റിൽ വരണമെങ്കിൽ ലോബിയിംഗ് അനിവാര്യമാണ്. ജമാഅത്ത് കേന്ദ്ര ഓഫീസിൽ ഒരു പ്രത്യേക വിഭാഗം ഇതിനായി ഉണ്ടാവണം.

*ഇന്ത്യയിൽ വർഷങ്ങൾക്കു മുമ്പ് തുടക്കം കുറിച്ച മിക്ക പലിശരഹിത നിക്ഷേപ സ്ഥാപനങ്ങളും തകരുകയുണ്ടായല്ലോ? ഇവിടത്തെ ചുറ്റുപാടിൽ ഇത്തരം സ്ഥാപനങ്ങൾക്ക് പിടിച്ചുനിൽക്കാൻ കഴിയില്ല എന്നല്ലേ ഇത് തെളിയിക്കുന്നത്?*

ഇന്ത്യയിൽ ചില പലിശരഹിത സാമ്പത്തിക സ്ഥാപനങ്ങൾ തകർന്നു എന്നത് ശരിയാണ്. എന്നാൽ ഇത് ഇസ്‌ലാമിക സാമ്പത്തികരീതിയുടെ തകരാറല്ല. നടപ്പാക്കുന്ന ആളുകളുടെ കാര്യശേഷി, ആസൂത്രണം, പ്രതിബദ്ധത, ധാർമികബോധമുള്ള സംരംഭകർ എന്നിവ ഇതിന്റെ വിജയത്തിന് അനിവാര്യമാണ്. മിക്ക സ്ഥാപനങ്ങളെയും തകർച്ചയിലേക്ക് നയിച്ചത് ഉയർന്ന പ്രവർത്തനച്ചെലവ്, കാര്യക്ഷമതയില്ലാത്ത മാനേജ്മെന്റ്, സംരംഭകരുടെ കാര്യശേഷിയില്ലായ്മ, കമ്പോളത്തിൽ പ്രതീക്ഷിക്കാതെ വന്ന മാറ്റങ്ങൾക്കനുസരിച്ച് ചുവടുവെക്കുന്നതിൽ വന്ന തകരാറുകൾ എന്നിവയാണ്. ഈ സ്ഥാപനങ്ങളുടെ നടത്തിപ്പുകാരാണ് അതിനുത്തരവാദികൾ; തത്ത്വങ്ങളല്ല. ഈ പ്രതിസന്ധികളിൽനിന്ന് കരകയറാൻ ആധുനിക മാനേജ്മെന്റ് വൈദഗ്ധ്യമുള്ള പ്രഫഷണലുകളെ സ്ഥാപനങ്ങളുടെ നടത്തിപ്പ് ഏൽപിക്കണം. പണം നിക്ഷേപത്തിനായി സ്വീകരിക്കുന്ന സംരംഭകരുടെ ധാർമിക പ്രതിബദ്ധത ഉറപ്പുവരുത്തണം.

*പലിശരഹിത സഹകരണസംഘങ്ങളുടെ പ്രവർത്തനം എങ്ങനെയാണ്? സഹകര*

*ണമേഖലയിലൂടെ ഇസ്‌ലാമിക് ബാങ്കിംഗ് നടപ്പിൽവരുത്താൻ കഴിയുമോ?*

തീർച്ചയായും. എല്ലാ സംസ്ഥാനങ്ങളിലും സഹകരണനിയമങ്ങൾ നിലവിലുണ്ട്. ഇതനുസരിച്ച് രജിസ്റ്റർ ചെയ്താൽ അതതു സംസ്ഥാനങ്ങളിൽ പ്രവർത്തിക്കാം. പലിശരഹിതമായാണ് പ്രവർത്തിക്കുകയെന്ന് അപേക്ഷയിൽ പരാമർശിക്കണം. 2002-ൽ നിലവിൽവന്ന മൾട്ടി സ്റ്റേറ്റ് കോ-ഓപറേറ്റീവ് സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്താൽ മുഴുവൻ സംസ്ഥാനങ്ങളിലും ബ്രാഞ്ചുകൾ ആരംഭിക്കാം. ഭാരവാഹികളെ തെരഞ്ഞെടുക്കാനുള്ള അധികാരം ഓഹരി ഉടമകൾക്കായിരിക്കും. 20 അംഗ ഡയറക്ടർ ബോർഡിനെയും ചെയർമാൻ, മാനേജിംഗ് ഡയറക്ടർ എന്നിവരെയും വോട്ടെടുപ്പിലൂടെ തെരഞ്ഞെടുക്കുന്നു. എല്ലാ രീതിയിലുമുള്ള ഡെപ്പോസിറ്റുകളും സ്വീകരിക്കാനും നിക്ഷേപിക്കാനും നിയമം അനുവദിക്കുന്നു. മുംബൈയിൽ 1984-ലാണ് AICMEU ബൈത്തുൽമാൽ കോ-ഓപറേറ്റീവ് സൊസൈറ്റി രജിസ്റ്റർ ചെയ്തത്. നിക്ഷേപകർക്ക് 6 ശതമാനം മുതൽ 8 ശതമാനം വരെ ഡിവിഡന്റ് നൽകാൻ കഴിയുന്നുണ്ട്. ഇപ്പോൾ മുംബൈയിൽ മാത്രം പ്രവർത്തിക്കുന്ന സൊസൈറ്റി മൾട്ടി സ്റ്റേറ്റ് കോ-ഓപ് ആക്ടിനു കീഴിൽ രജിസ്റ്റർ ചെയ്യാൻ അപേക്ഷ നൽകിയിട്ടുണ്ട്. അനുമതി ലഭിച്ചാൽ കേരളം, തമിഴ്നാട് ഒഴികെയുള്ള സംസ്ഥാനങ്ങളിൽ ബ്രാഞ്ചുകൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. കേരളത്തിലും തമിഴ്നാട്ടിലും AICL (ആൾട്ടർനേറ്റീവ് ഇൻവെസ്റ്റ്മെന്റ്സ് ആന്റ് ക്രഡിറ്റ്സ് ലിമിറ്റഡ്) പ്രവർത്തിക്കുന്നതുകൊണ്ടാണ് ഇപ്പോൾ ബ്രാഞ്ചുകൾ ആരംഭിക്കാത്തത്.

*കേരളത്തിൽ പ്രവർത്തിക്കുന്ന AICL, പലിശരഹിതനിധികൾ എന്നിവയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ വല്ല നിർദേശവും?*

AICL ധീരമായ പരീക്ഷണമാണ്. മുദാറബ അടിസ്ഥാനമാക്കി നിക്ഷേപം നടത്തിയതാണ് മിക്ക ഇന്ത്യൻ സ്ഥാപനങ്ങളുടെയും തകർച്ച വേഗത്തിലാക്കിയത്. സംരംഭകരുടെ മൂല്യബോധം പ്രധാനമാണ്. ഇസ്‌ലാം സാമ്പത്തികമേഖലയിലുള്ള പരിവർത്തനം മാത്രമല്ലല്ലോ ലക്ഷ്യം വെക്കുന്നത്. മൊത്തം സമൂഹം ധാർമികമായി പരിവർത്തിക്കപ്പെടുമ്പോഴാണ് ഇസ്‌ലാമിക ധനവിനിമയരീതികളുടെ പ്രവർത്തനം നല്ല രീതിയിൽ നടക്കുക. AICL ചില പ്രത്യേക നിബന്ധനകളിലൂടെ അത് ഉറപ്പുവരുത്താൻ ശ്രമിക്കുകയാണ്. നല്ല ശ്രദ്ധ ഇക്കാര്യത്തിൽ ആവശ്യമാണ്. കേരളത്തിലെ പലിശരഹിതനിധികളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. നിധികൾ നിക്ഷേപരംഗത്തേക്ക് പ്രവേശിക്കണം. വിദ്യാഭ്യാസം പോലുള്ള സേവനമേഖലകളിലും അടിസ്ഥാനസൗകര്യമേഖലയിലും നഷ്ടസാധ്യത കുറവാണ്. നടത്തിപ്പുകാർക്ക് ഇതിൽ പരിശീലനം നൽകണം. പ്രസ്ഥാനത്തിന്റെ ശ്രദ്ധ ഈ മേഖലയിലേക്ക് കൂടുതൽ പതിയേണ്ടതുണ്ട്. കൂടാതെ പ്രവർത്തകരുടെ സ്വയം സഹായ സംഘങ്ങൾ (Self Help Group) രൂപവത്കരിക്കാം. ഇത്തരം ഗ്രൂപ്പുകൾക്ക് നബാർഡിൽനിന്നും മറ്റും സാമ്പത്തിക സഹായം ലഭ്യമാണ്. ഇതുവഴി തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിയും.

കേരളത്തിൽ ജമാഅത്ത് നടത്തുന്ന ശ്രമങ്ങൾ പ്രതീക്ഷാജനകമാണ്. ശാന്തപുരത്ത് നടന്നുവരുന്ന പി.ജി ഡിപ്ലോമ കോഴ്സ് ഉദാഹരണം. എന്നാൽ ഈ കോഴ്സിന് ഡിമാന്റ് സൃഷ്ടിക്കാൻ കുറേകൂടി ശ്രമം അനിവാര്യമാണ്. ഇന്ത്യയിലെയോ വിദേശത്തെയോ സ്ഥാപനങ്ങളുടെ അംഗീകാരം വാങ്ങാൻ ശ്രമിക്കണം. വിദേശ യൂനിവേഴ്സിറ്റികളുടെ അംഗീകാരം ലഭിക്കാൻ എളുപ്പമാണ്. ഫൈനാൻഷ്യൽ മാനേജ്മെന്റ് വിഷയവും സിലബസ്സിന്റെ ഭാഗമാക്കണം. പ്രഫഷണൽ രീതിയിൽ സംഘടിപ്പിക്കപ്പെടണം. ബാങ്കുകളിൽ പ്രായോഗിക പരിശീലനവും ലഭിക്കണം. അങ്ങനെയാവുമ്പോൾ ഇന്ത്യയിൽ വളർന്നുവരാൻ സാധ്യതയുള്ള സാമ്പത്തിക സ്ഥാപനങ്ങൾക്ക് കേരളത്തിൽനിന്നുള്ള വിദ്യാർഥികൾ മുതൽക്കൂട്ടായിരിക്കും. AICMEU പുതിയ ബ്രാഞ്ചുകൾ തുടങ്ങുമ്പോൾ തീർച്ചയായും ഈ വിദ്യാർഥികളെ പരിഗണിക്കും.

*ഇന്ത്യയിൽ ഇസ്‌ലാമിക ബാങ്കുകൾ യാഥാർഥ്യമാവുമെന്ന് പ്രതീക്ഷയുണ്ടോ?*

തീർച്ചയായും. ഇന്ത്യൻ ഗ്രാമങ്ങളിൽ 3600% വരെ പലിശനിരക്ക് നിലവിലുണ്ട്. ജനങ്ങളുടെ വായ്പാവശ്യങ്ങൾ 50 ശതമാനവും തൃപ്തിപ്പെടുത്തുന്നത് സ്വകാര്യ ബാങ്കുകളും പണമിടപാടുകാരുമാണ്. ഏറ്റവും കൂടുതൽ ചൂഷണം നടക്കുന്ന മേഖലയാണിത്. ചൂഷണത്തിൽനിന്ന് മോചനം നേടാനുള്ള അവസരം ജാതിമതഭേദമന്യേ എല്ലാവരും ഉപയോഗപ്പെടുത്തും. ജനങ്ങളെ ഇക്കാര്യത്തിൽ ബോധവത്കരിക്കണം. ചെറിയ സംരംഭങ്ങളായ നിധികളിലൂടെ ബോധവത്കരണം സാധ്യമാവും.

*MPJ-യുടെ പ്രവർത്തനമേഖലകൾ?*

മുസ്‌ലിംകളെയും ഇതര പിന്നാക്ക വിഭാഗങ്ങളെയും രാഷ്ട്രീയമായും സാമൂഹികമായും ശാക്തീകരിക്കുകയാണ് MPJ-യുടെ ദൗത്യം. നിലവിൽ 7000 അംഗങ്ങളും ഒരു ലക്ഷം അനുഭാവികളുമുണ്ട്. ഇതിൽ 10 ശതമാനത്തോളം അമുസ്‌ലിംകളാണ്. ബുദ്ധിജീവികളെ കൂടെ നിർത്താനുള്ള ശ്രമങ്ങൾ നടത്തുന്നു. ദലിതുകൾ പൊതുവെ MPJ-യുമായി സഹകരിക്കുന്നുണ്ട്. ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളുടെ പിന്തുണയും ഭരണാധികാരികളുടെ സഹകരണവും ലഭിക്കുന്നു. ■

**തയാറാക്കിയത്:**
**മുഹമ്മദ് പാലത്ത്,**
**അജ്മൽ കൊണ്ടോട്ടി**

## മൗലാനാ മൗദൂദി ഹൗസ്

മഹാരാഷ്ട്രയിലെ ഔറംഗാബാദ് നഗരത്തിൽ വിപുലമായ ഒരു ഇസ്‌ലാമിക പഠനകേന്ദ്രം സ്ഥാപിക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു. 'മൗലാനാ മൗദൂദി ഹൗസ്' എന്നായിരിക്കും പഠനകേന്ദ്രത്തിന്റെ പേര്. ഔറംഗാബാദ് നഗരവുമായി മൗലാനാ മൗദൂദിക്ക് അടുത്ത ബന്ധമുണ്ട്. അവിടെയാണ് അദ്ദേഹം ജനിച്ചതും കുട്ടിക്കാലം ചെലവഴിച്ചതും.

മൗലാനാ മൗദൂദി ജനിച്ച വീട് 2000-ത്തിൽ മൗലാനാ മൗദൂദി മെമ്മോറിയൽ ഫൗണ്ടേഷൻ ട്രസ്റ്റ് (ദൽഹി) വിലയ്ക്ക് വാങ്ങിയിരുന്നു. അത് വിപുലമായ സൗകര്യങ്ങളോടുകൂടിയ ഒരു ഇസ്‌ലാമിക കേന്ദ്രമാക്കി മാറ്റാനാണ് ആലോചിക്കുന്നത്. പ്രബോധനപരവും വൈജ്ഞാനികവുമായ വിഷയങ്ങളെ കേന്ദ്രീകരിച്ചുള്ള പുസ്തകങ്ങളോടൊപ്പം വിവിധ ലോക ഭാഷകളിൽ പ്രസിദ്ധീകരിക്കപ്പെട്ട മൗദൂദി കൃതികളുടെ പരിഭാഷകളും ഇവിടെ ലഭ്യമായിരിക്കും. ഈ മഹത് സംരംഭത്തിലേക്ക് ഉദാരമതികളുടെ സംഭാവനകൾ പ്രതീക്ഷിക്കുകയാണ് ട്രസ്റ്റ് ചെയർമാൻ ഇൻതിസാർ നഈം.

വിലാസം: Moulana Maudoodi Memmorial Foundation, 2525, Baradari, Ballimaran, Delhi- 110006

## നിജാദിന്റെ യു.എ.ഇ സന്ദർശനം

മധ്യപൗരസ്ത്യദേശത്തെ രാഷ്ട്രീയ സമവാക്യങ്ങൾ മാറുന്നതിന്റെ ശക്തമായ സൂചനയായി വേണം ഇറാനിയൻ പ്രസിഡന്റ് മഹ്മൂദ് അഹ്മദി നിജാദിന്റെ യു.എ.ഇ സന്ദർശനത്തെ കാണാൻ. മെയ് 13-നാണ് നിജാദ് അബൂദബിയിലെത്തിയത്. യു.എ.ഇ പ്രസിഡന്റ് ഖലീഫ ബിൻ സായിദ് ആൽ നഹ്യാനും ഉയർന്ന ഉദ്യോഗസ്ഥരും അദ്ദേഹത്തെ സ്വീകരിച്ചു. ഇറാനിയൻ വിപ്ലവം കഴിഞ്ഞ് 29 വർഷത്തിനിടക്ക് ആദ്യമായാണ് ഒരു ഇറാനിയൻ പ്രസിഡന്റ് യു.എ.ഇയിൽ ഔദ്യോഗിക സന്ദർശനത്തിന് എത്തുന്നത്.

പരസ്പര സഹകരണം ഊർജിതപ്പെടുത്തും, ബന്ധങ്ങൾ മെച്ചപ്പെടുത്തും തുടങ്ങിയ നയതന്ത്ര ഭാഷണങ്ങളേ ഇതു സംബന്ധമായി വന്ന റിപ്പോർട്ടുകളിൽ കാണുന്നുള്ളൂ. ഇരു രാഷ്ട്രങ്ങൾക്കുമിടയിൽ പുകഞ്ഞുകൊണ്ടിരിക്കുന്ന നിരവധി പ്രശ്നങ്ങളുണ്ട്. ത്വുൻബുൽ കുബ്റാ, ത്വുൻബുസ്സുഗ്റാ, അബൂമൂസ എന്നീ ദ്വീപുകളുടെ ഉടമസ്ഥതയെച്ചൊല്ലിയുള്ള തർക്കമാണ് ഇതിൽ ഒന്നാമത്തേത്. ഈ ദ്വീപുകൾ തങ്ങളുടേതാണെന്ന് യു.എ.ഇ വാദിക്കുന്നു. 1971 മുതൽ ദ്വീപുകളുടെ നിയന്ത്രണം ഇറാന്റെ കൈവശമാണ്. ഇതിനൊരു പരിഹാരം കാണാതെ ഉഭയകക്ഷി ബന്ധങ്ങൾ മെച്ചപ്പെടുകയില്ല.

രണ്ടാമത്തെ പ്രശ്നം ഇറാന്റെ ആണവ പരിപാടികളാണ്. ഊർജാവശ്യത്തിന് മാത്രമേ അത് ഉപയോഗിക്കൂ എന്ന് ഇറാൻ ആണയിടുന്നുണ്ടെങ്കിലും ഗൾഫ് രാഷ്ട്രങ്ങളുടെ, പ്രത്യേകിച്ച് യു.എ.ഇയുടെ ആശങ്ക നീങ്ങിയിട്ടില്ല. ഈ ആശങ്ക അകറ്റാനുള്ള ശ്രമത്തിന്റെ ഭാഗമാണ് ഇറാനിയൻ പ്രസിഡന്റിന്റെ ഗൾഫ് നാടുകളിലേക്കുള്ള പര്യടനം. അമേരിക്കൻ വൈസ് പ്രസിഡന്റ് ഡിക്ചെനി യു.എ.ഇയിൽ വന്നതിന്റെ പിറ്റേന്നാണ് നിജാദിന്റെ സന്ദർശനമെന്നത് അതിന്റെ രാഷ്ട്രീയപ്രാധാന്യം വർധിപ്പിക്കുന്നു. ■

## തായ്ക്കോണ്ടോ ഹിജാബില്ലാതെ

തായ്ക്കോണ്ടോ (Taekwondo) മത്സരങ്ങളിലും ഹിജാബിന് വിലക്ക്. കരാട്ടെ പോലുള്ള ഒരു കൊറിയൻ കായികാഭ്യാസമുറയാണ് തായ്ക്കോണ്ടോ. ഇതിന്റെ ഏറ്റവും വലിയ വേദിയാണ് സോളിലെ വേൾഡ് തായ്ക്കോണ്ടോ ഫെഡറേഷൻ (WTF). കനഡയിലെ ചില മുസ്ലിം വിദ്യാർഥിനികൾ ഹിജാബ് ധരിച്ച് മത്സരത്തിനെത്തിയത് അധികൃതർക്ക് ഇഷ്ടമായില്ല. ഇക്കാര്യത്തിൽ എന്ത് നിലപാടെടുക്കണം എന്ന് അന്വേഷിച്ചുകൊണ്ട് അവർ WTF -ന് കത്തെഴുതി. മറുപടിക്കത്തിലാണ് ഹിജാബ് അനുവദിക്കരുതെന്ന വിലക്ക്. വേഷത്തിൽ ഒരുവിധത്തിലുള്ള മതകീയ ചിഹ്നങ്ങളും പാടില്ലെന്ന വാശിയിലാണ് WTF.

2007 മെയ് 18-ന് ബെയ്ജിംഗിൽ തുടക്കം കുറിച്ച ലോക തായ്ക്കോണ്ടോ ചാമ്പ്യൻഷിപ്പിൽ ഹിജാബ് അനുവദിക്കുന്നില്ല. ഒളിമ്പിക് കമ്മിറ്റിക്കും ഇതേ അഭിപ്രായമാണ് ഉള്ളതെന്നറിയുന്നു. WTF -ന് ഒളിമ്പിക്കമ്മിറ്റിയുടെ അംഗീകാരമുണ്ട്. രണ്ട് മാസം മുമ്പ് ഹിജാബ് ധരിച്ചതിന് ഒട്ടാവയിലെ ഒരു പതിനൊന്ന് വയസ്സുകാരിയെ റഫറി ഒരു ഫുട്ബോൾ മത്സരത്തിൽനിന്ന് പുറത്താക്കിയത് വിവാദമായിരുന്നു. മറ്റു സ്പോർട്സ് വേദികളും ഇതേ പാത പിന്തുടരാനാണ് സാധ്യത. ഇത് പാശ്ചാത്യ ലോകത്തെ മുസ്ലിംസമൂഹങ്ങളിൽ വലിയ പ്രതിഷേധത്തിന് കാരണമായിട്ടുണ്ട്. ■

**മരണം**

## അമീർ അബ്ദുല്ലാ ഫൈസൽ

അറബ് ലോകത്തെ ഒന്നാം നിരയിലുള്ള കവിയും ഗാനരചയിതാവുമായിരുന്നു 2007 മെയ് 8-ന് അന്തരിച്ച അമീർ അബ്ദുല്ല ഫൈസൽ. വേദനകളുടെയും നഷ്ടപ്പെടലുകളുടെയും വികാരസാന്ദ്രമായ ആവിഷ്കാരമാണ് അദ്ദേഹത്തിന്റെ കവിതകളും ഗാനങ്ങളും. നഷ്ടങ്ങളുടെ കവി (ശാഇറുൽ ഹിർമാൻ)യായി അദ്ദേഹം വിശേഷിപ്പിക്കപ്പെടുന്നു. അറബി മാനക ഭാഷയിലും നജ്ദിയൻ ഭാഷാഭേദത്തിലും (dialect) ഒരുപോലെ അദ്ദേഹം കവിതകളും ഗാനങ്ങളും രചിച്ചിട്ടുണ്ട്. നജ്ദിയൻ ശീലുകളിൽ രചിച്ച ഗാനങ്ങളാണ് അദ്ദേഹത്തെ പ്രശസ്തനാക്കിയത്. അവയുടെ പദഭംഗിയും താളവും ഏറെ പ്രശംസിക്കപ്പെട്ടിട്ടുണ്ട്.

'കിഴക്കിന്റെ താരകം' ഉമ്മുകുൽസൂം, 'അറബികളുടെ കലാകാരൻ' മുഹമ്മദ് അബ്ദു, ഈജിപ്ഷ്യൻ ഗായിക നജാത്തുസ്സഗീർ, അബ്ദുൽ ഹലീം ഹാഫിള്, ത്വലാൽ മദ്ദാഹ്, മുഹമ്മദ് ഉമർ, ഖാലിദ് അബ്ദുർറഹ്മാൻ, അബ്ദുൽ കരീം അബ്ദുൽഖാദിർ, നബീൽ ശുഐൽ തുടങ്ങി ഗൾഫിനകത്തും പുറത്തുമുള്ള പ്രശസ്തരായ ഏതാണ്ടെല്ലാ അറബ് ഗായകരും അബ്ദുല്ലാ ഫൈസലിന്റെ വരികൾക്ക് ശബ്ദം നൽകിയിട്ടുണ്ട്. 'നമ്മുടെ സമകാലിക സാഹിത്യം' എന്ന പുസ്തകത്തിൽ പ്രമുഖ അറബ് നിരൂപകൻ ത്വാഹാ ഹുസൈൻ, വേദനകൾക്ക് ഭാഷ കൊടുത്ത കവിയായി അദ്ദേഹത്തെ പുകഴ്ത്തുന്നു. അറബി മാനക ഭാഷയിൽ ഹയ്യുൽ ഹിർമാൻ (1952), ഹദീസു ഖൽബ് (1982) എന്നീ രണ്ട് കവിതാ സമാഹാരങ്ങളേ അദ്ദേഹം പുറത്തിറക്കിയിട്ടുള്ളൂ.

സുഊദി ഭരണാധികാരിയായിരുന്ന ഫൈസൽ രാജാവിന്റെ മകനായി 1922-ൽ രിയാദിലാണ് അബ്ദുല്ലാ ഫൈസൽ ജനിച്ചത്. 1950-ൽ പിതാമഹനായ അബ്ദുൽ അസീസ് രാജാവ് ആഭ്യന്തരം, ആരോഗ്യം എന്നീ സുപ്രധാന വകുപ്പുകളുടെ ചുമതല ഫൈസലിനെ ഏൽപിക്കുകയുണ്ടായി. പിന്നീട് ഭരണ ചുമതലകളിൽനിന്ന് ഒഴിവായി വ്യാപാരത്തിലും സാഹിത്യത്തിലും മാത്രമായി ശ്രദ്ധ പതിപ്പിക്കുകയായിരുന്നു ഫൈസൽ. ■